[Mr. A. M. Thomas]

ലടങ്ങിയ പദ്ധതി നടപ്പിൽ വരുത്തുന്നപക്ഷം ൪,൫ ൦ ൦ പറയോളമുള്ള നിലം ഇരുപ്പു നിലം ആക്കുവാൻ സാധിക്കും. ഇതൊരു മേജർ പ്രോജക്ടായിട്ടു കടമെടുത്തെങ്കിലും നടപ്പിൽ വരുത്തേണ്ടതു് ആവശ്യമാണു്. എന്നതന്നെയല്ല നമ്മുടെ ഫുഡ്ഡ് പ്രൊഡക്ഷൻ ഡ്രൈവിനും ഇതൊരു വലിയ സഹായമായിരിക്കും. ബഹുമാനപ്പെട്ട മന്ത്രി ഈ കാര്യത്തിൽ പ്രത്യേകം ശ്രദ്ധവെക്കണമെന്നപേക്ഷിച്ചുകൊണ്ടു് ഞൻ ഈ ഉപക്ഷേപം ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു.

*മിസ്റ്റർ കെ. അയ്യപ്പൻ: സർ, ഡ്രെയിനേജ് ആവശ്യത്തിനും ഉപ്പുവെള്ളം കയറാതെയിരിക്കുന്നതിനും വേണ്ടി അവിടെ ഒരു ബണ്ടു് ഇടുന്നുണ്ടെന്നാണു് P. W. D-ൽ നിന്നു് എഴുതി അറിയിച്ചിരിക്കുന്നതു്. അതുകൊണ്ടു് അവിടെ ബണ്ടിട്ടു ഉപ്പുവെള്ളം കയറാതെ നോക്കുന്നതാണു്. മകരത്തിലാണു് ബണ്ടിടുന്നതു്. ബണ്ടിട്ടാൽ കൃഷി ചെയ്യുന്നതിനുവേണ്ടിടത്തോളം വെള്ളം ചില സമയത്തു കിട്ടാതെ വരും. അതിനു് അവിടെ ഒരു ലോക്കും പമ്പും വെച്ചു് ചിറയിൽ വെള്ളം അധികമായാൽ വെള്ളം കളയുന്നതിനും വെള്ളം കിട്ടാത്ത കാലങ്ങളിൽ പമ്പുചെയ്തു കൃഷിക്കു് ആവശ്യമുള്ളവെള്ളം കൊടുക്കുന്നതിനും സാധിക്കും. ഈ എസ്റ്റിമേറ്റു ചെയ്തുവരുന്നുണ്ടു്. പക്ഷെ അതു വലിയ നിലയിൽ ചെയ്യുവാൻ തല്ക്കാലം സാദ്ധ്യമല്ല. ൧൫ ൦ ഏക്കർ നിലങ്ങൾക്കു് ഇതുകൊണ്ടു് പ്രയോജനമുണ്ടാകുമെന്നു കാണുന്നതുകൊണ്ടു് അതിനെപ്പറ്റി അന്വേഷിച്ചു വേണ്ടതു് ഉടനെ ചെയ്യാം.

മിസ്റ്റർ എ. എം. തോമസ്സ്: ഞാൻ ഈ ഉപക്ഷേപം സഭയുടെ അനുവാദത്തോടുകൂടി പിൻവലിച്ചു കൊള്ളുന്നു.

Motion, by leave, withdrawn

CUT MOTION No. 15

മിസ്റ്റർ കെ. സി. മായൻകുട്ടി മേത്തർ: To reduce the allotment of Rs. 3,54,401 for Public Works—Civil Engineering—Irrigation in Demand No. 32 by Re. 1 (എളങ്കുളം വില്ലേജിന്റെയും എറണാകുളം വില്ലേജിന്റെയും അതുത്തിതോടായ ചിറക്കൽ തോടിൽ (മലംഡിപ്പോയുടെ വടക്കുവശം) മൂന്നു ദണ്ഡു നീളത്തിൽ ഒരു ബണ്ടും ഒരു സ്ലൂസ്സും ഇട്ടുകിട്ടുവാൻ)

സർ, ഇതു് വളരെ അത്യാവശ്യമുള്ള ഒരു തോടാണു്. പഞ്ചായത്തിൽനിന്നു് ചിലവു ചെയ്തു് അവിടെ ബണ്ടിട്ടും. പക്ഷെ അതു പൊട്ടിപോകും. രണ്ടുമൂന്നു കൊല്ലമായി പൊട്ടിപോയതുകൊണ്ടു് കൃഷിക്കു നാശം വരുന്നതു്. അതുകൊണ്ടു് അവിടെ മൂന്നു ദണ്ഡുനീളത്തിൽ ഒരു ബണ്ടു് ഇട്ടാൽ കൊള്ളാം. അതു മാത്രമെ എനിക്കു താഴ്മ്മേണ്ടിന്റെ ദൃഷ്ടിയിൽ പെടുത്തുവാനുള്ളൂ.

*മിസ്റ്റർ കെ. അയ്യപ്പൻ: സർ, ഇതു് താഴ്മ്മേണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടില്ലെങ്കിലും അതിനെപ്പറ്റി അന്വേഷിക്കണമെന്നു് എക്സിക്യൂട്ടീവു എഞ്ചിനീയരോടു് പറയുന്നതാണു്. ഇതുടനെ ചെയ്യിപ്പിക്കുവാൻ നോക്കാം.

മിസ്റ്റർ കെ. സി. മായൻകുട്ടി മേത്തർ: സഭയുടെ അനുവാദത്തോടുകൂടി ഉപക്ഷേപം ഞാൻ പിൻവലിക്കുന്നു.

Motion, by leave, withdrawn

Demand put and carried

(ii) 21—Public Works (Cranganur)

Mr. K. Ayyappan *(Minister for Works and Revenue)*: Sir, I beg to move for an amount of Rs. 75,000 under 21, Public Works, Cranganur.

Mr. C. A. Ouseph *(Minister for Education and Public Health)*: I second it.

Demand put and carried

(iii) 1. Land Revenue

Mr. K. Ayyappan *(Minister for Works and Revenue)*: Sir, I move for a demand of Rs. 5,65,901 under 1. Land Revenue.

Mr. C. A. Ouseph *(Minister for Education and Public Health)*: I second it.

CUT MOTION No. 1

മിസ്റ്റർ കെ. ഐ. വേലായുധൻ: To reduce the allotment of Rs. 2,800 for Land Reveune—6. Cattle Pounds in demand No. 1 by Re. 1 (To discuss the urgent necessity of extending the provisions of the Cattle Trespass Act to the villages of the State.) സർ,ടൌൺ പ്രദേശങ്ങളിൽ Cattle Trespass Act പാസ്സാക്കുവാൻ എന്തെല്ലാം വിധത്തിലുള്ള സാഹ

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

ചയ്ത്തുള്ളതുണ്ടായിരുന്നുവൊ ആ സാഹചയ്ത്തുംകൊണ്ട് തന്നെയാണ് ഇന്ന് വില്ലേജുക ളിൽ Cattle Trespass Act ബാധകമാക്കുന്നതിനു ഈ ഉപക്ഷേപം സഭയുടെ മുമ്പാകെ കൊണ്ടുവന്നിട്ടുള്ളതു്. ഭക്ഷണത്തെയർല്ലാതെ എന്തുയും കൊടുമ്പിരിക്കൊണ്ടിരിക്കുന്ന ഇക്കാലത്തു് കൃഷിക്കാർ കഷ്ടപ്പെട്ട ഉണ്ടാക്കുന്ന കൃഷി കന്നുകാലികൾ തിന്നു നശിപ്പിക്കുക എന്നുള്ളതു് വലിയ കഷ്ടമാണു്, ഭീമമായ ഒരു നഷ്ടവുമാണു്. സാധാരണയായി ഏതെങ്കിലും കന്നുകാലി കൾ ധാന്യങ്ങൾ തിന്നുകയാണെങ്കിൽ ഇന്നത്തെ നിലപ്രകാരം അതിനെ പിടിച്ചു് പൌ ണ്ടിൽ തള്ളുകയാണു് ഇപ്പോൾ ചെയ്യുന്നതു്. പക്ഷെ അങ്ങിനെ ചെയ്യുന്നതുകൊണ്ടൊന്നും കന്നുകാലികളെ മേലാൽ അഴിച്ചുവിടാതിരിക്കുവാനും തൊഴുത്തിൽ മുളക്കുവാനും ഇടയാകു ന്നില്ല. ഏതെങ്കിലും കന്നുകാലിയെ വിളവുതിന്നു നശിപ്പിച്ചുതിന്നു അവയെ പിടിച്ചു് പൌ ണ്ടിൽ എല്പിച്ചു എന്നു വെക്കുക. എന്നാൽ അതിന്റെ ഉടമസ്ഥൻ രൂപ.യൊ രൂപ.യൊ കൊടുത്താൽ അതിനെ വിടുവിക്കുവാൻ സാധിക്കും. നേരെമറിച്ചു വിളവു നശിപ്പിച്ചുതി നു് നാലൊ അഞ്ചൊ ഉറുപ്പികയുടെ നഷ്ടം കൃഷിക്കാരനു വന്നിട്ടുണ്ടാകും. അതുയും വില ക്കുള്ള വിളവു തിന്നുവാൻ കന്നുകാലിക്കു സാധിച്ചിട്ടുണ്ടാകും. കന്നുകാലിയുടെ ഉടമസ്ഥനു രൂപ.യൊ രൂപ.യൊ കൊടുക്കുന്നതിനു് വിരോധമുണ്ടാകയുമില്ലല്ലൊ. അതുകൊണ്ടു കന്നു കാലികളെ അഴിച്ചു വിടുന്നതുതന്നെ കുറ്റകരമാക്കണം. ഏതെങ്കിലും കന്നുകാലിയെ പുറത്തു വിടാൻ അതിന്റെ ഉടമസ്ഥനെ ശിക്ഷിക്കുമെന്നുള്ള നിയമം ഉണ്ടാകുകയാണെങ്കിൽ ഈ ഉ പദ്രവം ഉണ്ടാകുകയില്ല; മുക്കും കന്നുകാലികളെ വെളിയിൽ അഴിച്ചുവിടുവാൻ ധൈര്യമുണ്ടാ കുകയില്ല. ഈവക കാരണങ്ങളാൽ ഇന്നു കർഷകന്മാർ വളരെ കഷ്ടപ്പെട്ടുണ്ടാക്കുന്ന വിളവു നശിപ്പിക്കുവാൻ കന്നുകാലികളെ അഴിച്ചുവിടുവാൻ പാടില്ലെന്നും അപ്രകാരം ചെയ്യുൽ അതു് ശിക്ഷാർഹമാക്കണമെന്നും ഗവണ്മെണ്ടിനോടു് ആവശ്യപ്പെടുവാൻ വേണ്ടിയാണു് ഞാൻ ഈ ഉപക്ഷേപം അവതരിപ്പിക്കുന്നതു്.

മിസ്റ്റർ സി. വി. ഇയ്യു: സർ, ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നു. കർഷ കന്മാർ എല്ലുപൊടിഞ്ഞുണ്ടാക്കുന്ന വിളവു് കന്നുകാലികൾ തിന്നു നശിപ്പിക്കുന്നതുമൂലം വളരെ അധികം കാഷ്ടികോല്പന്നങ്ങൾക്കു നാശം ഉണ്ടായിട്ടുള്ളതായി കാണാം. ബഹുമാന പ്പെട്ട പഴഞ്ചിമെമ്പറുടെ അഭിപ്രായത്തെ ഞാൻ അനുകൂലിക്കുന്നതോടുകൂടി ഇതി നു ഒരു നിവാരണമാർഗ്ഗവുംകൂടി കണ്ടുപിടിച്ചിട്ടുണ്ടു്. ആ നിവാരണമാർഗ്ഗം നിർദ്ദേശിക്കു ന്നതിനാണു് വില്ലേജുകോട്ട് ഡിപ്പാർട്ട്മെണ്ടിന്റെ ഹെഡ്ഡിലേക്കു് ഞാൻ ഒരു കടുമോശൻ അയച്ചിട്ടുള്ളതു്. ആ ഒരു മാർഗ്ഗം ഗവണ്മെണ്ടു് സ്വീകരിച്ചാൽമതി. അതായതു് Cattle Trespass Act-പ്രകാരമുള്ള നടപടിയെടുക്കുന്നതിനുള്ള അധികാരം വില്ലേജുകോട്ടിനു കൊടുത്താൽമതി. ഇപ്പോൾ ഈ വക പരാതികൾ മുൻസിഫുകോടതിയിൽ ആണു് കൊടു ക്കേണ്ടതു്. അതുകൊണ്ടു് ജനങ്ങൾക്കു വളരെ ബുദ്ധിമുട്ടുണ്ടാകുന്നുണ്ടു്. വില്ലേജുകോട്ടിൽ ഈ പരാതി കൊടുത്താൽമതിയെന്നുവെച്ചാൽ ജനങ്ങൾക്കു വളരെ ഉപകാരമായിരിക്കും. ആവശ്യമില്ലാത്ത കന്നുകാലികളെ വളർത്തുന്ന സമ്പ്രദായം ഇന്ത്യയിൽ ഉണ്ടു്. Miss. Mayo ഈ കാര്യത്തിൽ ഇന്ത്യയെ അക്ഷേപിച്ചു പറഞ്ഞിട്ടുണ്ടു്. കന്നുകാലികൾ വിളവു് നശി പ്പിക്കുകയാണെങ്കിൽ അതിനെസംബന്ധിച്ചു കേസ്സു് എടുക്കുന്നതിനുള്ള അധികാരം വി ല്ലേജുകോട്ടിനു കൊടുക്കേണ്ടതിനെപ്പറ്റി ഗവണ്മെണ്ടുകാരുമായി ആലോചിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

മിസ്റ്റർ കെ. കുഞ്ഞിരാമൻമേനോൻ: ആവശ്യമില്ലാത്ത പശുക്കൾ എതാണു്?

മിസ്റ്റർ സി. വി. ഇയ്യു: അങ്ങിനെയുള്ള കാലികളെ ധാരാളം വളർത്തുന്നുണ്ടു്.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നു. എന്റെ നിയോജകമണ്ഡലത്തിൽ കന്നുകാലികളുടെ ഉപദ്രവം ചിലയിടങ്ങളിൽ ശക്തിയായിട്ടുണ്ടെ ന്നു് അവർ എന്നെ ധരിപ്പിച്ചിട്ടുണ്ടു്. അടാട്ടു്, പൊരുനാട്ടുകര, ചിറ്റിലപ്പിള്ളി മുത ലായ സ്ഥലങ്ങളിൽ കന്നുകാലികളെ അഴിച്ചുവിടുന്ന സമ്പ്രദായമാണുള്ളതു്. അവിടെ ഉടമസ്ഥന്മാർ ഇല്ലാതെ അഴിഞ്ഞുനടക്കുന്ന കന്നുകാലികൾ ധാരാളമുണ്ടു്. വനത്തിൽ മാൻ അ ലഞ്ഞുനടക്കുന്നതുപോലെയാണു് അവിടങ്ങളിൽ ഈകന്നുകാലികൾ അലഞ്ഞുനടക്കുന്നതു്. ചില അവസരങ്ങളിൽ കന്നുകാലികൾ വിളവുനശിപ്പിക്കുന്നതുകൊണ്ടു് ജനങ്ങൾ തമ്മിൽ അടികലശൽതന്നെ ഉണ്ടാകുന്നുണ്ടു്. കന്നുകാലികളെ പൌണ്ടിലിട്ടാൽ ചിലപ്പോൾ അ വയെ വിടുവിക്കുന്നതിനുടമസ്ഥന്മാർ വരാറില്ല. ഇപ്പോൾതന്നെ ഇപ്രകാരമുള്ള കന്നുകാ

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. Kochukuttan]

ലികളെ ലേലംചെയ്തിട്ട് നല്ലൊരുതുക ഗവൺമെണ്ടിനു കിട്ടുന്നുണ്ടെന്നാണു് എന്റെ ഓർമ്മ. ഒരു നിയമമുണ്ടാക്കി ഇങ്ങിനെയുള്ള കന്നുകാലികളെ ലേലം ചെയ്താൽ ഗവൺമെണ്ടിനു നല്ലൊരു ആദായമുണ്ടാകുമെന്നു തന്നെയല്ല കന്നുകാലികൾ അലഞ്ഞുനടന്നാൽ പിടിച്ചു ലേലംചെയ്യുവില്ലെന്നതാണെന്ന ജനങ്ങൾ മനസ്സിലാക്കിയാൽ ആരുംതന്നെ പശുക്കളെ അഴിച്ചുവിടുകയില്ല. കൃഷിരക്ഷിക്കേണ്ടുന്ന ആവശ്യം ഗവൺമെണ്ടിനു ഉടനെ നേരിട്ടിട്ടുണ്ട്. ആ നിലയിൽ ഈ നാട്ടിലെ ക്ഷേണസാധനങ്ങൾ ഒരു തരത്തിലും നശിച്ചുപോകാതിരിക്കുവാനുള്ള എടുപ്പാടായിട്ടും കൃഷിക്കാർക്കു രക്ഷകിട്ടുന്നതിന്നായിട്ടും പുതിയ ഒരു നിയമനിർമ്മാണം ചെയ്യേണ്ടതു് അത്യാവശ്യമാണു്. ഈ കാര്യത്തിൽ ഗവൺമെണ്ടിന്റെ സത്വരശ്രദ്ധ പതിപ്പിക്കണമെന്നു ഞാൻ ഗവൺമെണ്ടിനെ അറിയിച്ചുകൊള്ളുന്നു.

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: മിസ്റ്റർ പ്രസിഡണ്ടു് സർ, ഇന്നത്തെ Cattle Trespass Act വില്ലേജിലേക്കു ബാധകമല്ലെന്നു പറയുന്നതു മുഴുവനും ശരിയല്ല. Cattle Trespass Act-ലെ സെക്ഷൻ ഫ ഠ പ്രകാരം ടെഹണിൽനിന്നു അലഞ്ഞുനടക്കുന്ന കന്നുകാലികളെ പിടിക്കുവാൻ അധികാരമുണ്ടു്. സെക്ഷൻ ഛന്നു പ്രകാരം."

I shall read section 26 or the Cattle Trespass Act.

25. Any owner or keeper or pigs who through neglect or otherwies. damages or causes or permrits to be damged any land, or any crop or produce of land, or any public road, by allowing such-pigs to trespass thereon, on conviction before a Magistrate, be punished with fine not exceeding ten rupess,

എന്നു പറഞ്ഞിട്ടുണ്ടു്.

The second clause reads as follows:

"Government' by notification in the Gazette, may from time to time, with respect to any local area specified in the notification, direct that the foregoing partion of this-section shall be read as if it had reference to cattle generally, or to cattle of a kind described in the notification; instead of to pigs only....."and so on.

ഈ നോട്ടിഫിക്കേഷനും പരസ്യം ചെയ്തിട്ടുണ്ടു്. അപ്പോൾ കൊച്ചീരാജ്യത്തു് എല്ലാടിക്കിലും Cattle Trespass Act-ബാധകമായിട്ടുണ്ടു്. മനസിലാക്കുവാൻ ആകുന്നിൽ ഇന്നുള്ള നിയമം പഞ്ചായത്തു് ആക്ടിലും കൊണ്ടുവന്നിട്ടുണ്ടു്. പഞ്ചായത്തു ആക്ടിൽ സെക്ഷൻ ന്നു പ്രകാരം.

Section 65 of the new Panchayat Act is as follows;

"Whoever tethers cattle so as to obstruct or-endanger public traffic or who causes or-suffers such animals to stray about without a keeper shall be punished with fine which may extend to Rs. 50".

ഇങ്ങിനെ ഒരു നിയമമുണ്ടു്. പക്ഷെ ഈ നിയമം പ്രാബല്യത്തിൽ വന്നു കഴിഞ്ഞിട്ടില്ല. അതു ഉടനെ വരുകയും ചെയ്യും. ഇതൊക്കെയായാലും ഒരു ബുദ്ധിമുട്ടുള്ളതു് ഏതാണു്. ഇതിൽ നടപടി നടത്തേണ്ടതു് എന്ന കാര്യമാണു് Cattle Trespass Act-കൊണ്ടുള്ള ഉപദ്രവം ഗവൺമെണ്ടിനു് ബോദ്ധ്യമായിട്ടുണ്ടു്. ഇതിനുമുമ്പു് ഒരു ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കൂട്ടത്തിൽ ആളില്ലാതെ പശുക്കളെ അഴിച്ചുവിട്ടാൽ ഉണ്ടാകുന്ന ഉപദ്രവം എത്രയാണെന്നുള്ളതിനു കണക്കില്ല. അപൂർവ്വം ചില വില്ലേജുകളിൽ, തിരുവഴിയാടുവില്ലേജിൽ ആളില്ലാതെ കന്നുകാലികളെ വിടുകയില്ല. അവിടെ അന്യരുടെ കന്നുകാലികൾ കൃഷിതിനു നശിപ്പിക്കുന്നു എന്ന ആക്ഷേപമില്ല. പോലീസിനു നേരിട്ടു നടപടിനടത്തുവാൻ തരമില്ലാതെ വന്നിട്ടുണ്ടു്. ആ ഒരു ദോഷം ഇല്ലാതാക്കുവാൻവേണ്ടി ഒരു ഭേദഗതിനിയമം കൊണ്ടുവരുന്നുണ്ടു്. അതു് ഈ കൌൺസിലിൽതന്നെ അവതരിപ്പിക്കണമെന്നായിരുന്നു എന്റെ ആഗ്രഹം. ആ നിയമം നടപ്പിൽ വന്നാൽ ആരും കൂടെയില്ലാതെ കന്നുകാലികളെ വിട്ടുകണ്ടാൽ അതിന്റെ ഉടമസ്ഥനെ അറസ്റ്റുചെയ്തു ശിക്ഷിക്കാം. അതിൽ ഒരു പോലീസുകാരനും മജിസ്ട്രേട്ടിന്റെ അനുവാദംകൂടാതെതന്നെ നടപടിനടത്തി കേസും കോടതിയിൽ ഫയൽ ചെയ്യുവാനുള്ള അധികാരവും കൊടുത്തിട്ടുണ്ടു്. അതു വന്നു കഴിഞ്ഞാൽ ഇന്നുള്ള ബുദ്ധിമുട്ടു് ഇല്ലാതായിതീരുന്നതാണു്. സമയം ഇല്ലാതെ വന്നതുകൊണ്ടാണു് ഈ കൌൺസിലിൽ വരാതിരുന്നതും. അടുത്ത കൌൺസിലിൽ കൊണ്ടുവരുന്നതാണു്.

*മിസ്റ്റർ കെ. അയ്യപ്പൻ: സർ, ഫ ഫ ഫ ഫ കന്നി ഫ ന-ാം- യിലെ നോട്ടിഫിക്കേഷൻ പ്രകാരം Cattle Trespass Act സ്റ്റേറ്റുമുഴുവൻ ബാധകമായിട്ടുണ്ടു്. ഒരു

*Speech not corrceted by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

സംഗതി എനിക്ക പറയുവാനുള്ളതു് ഈ ശിക്ഷ വളരെ കർശനമാക്കുന്നതു് ശിക്ഷാശാസ്ത്രപ്രകാരം പരിഷ്കൃതസമ്പ്രദായമല്ലെന്നുകരുതി വളരെ അനുകൂലിക്കുമെന്നു തോന്നുന്നില്ല എന്നുള്ളതാണു്. പക്ഷെ ശിക്ഷ അതിന്റെ ഭരണത്തിയിൽനിന്നിണം. ഒരു സംഗതി ബഹുമാനപ്പെട്ട മെമ്പർമാർ ആലോചിച്ചാൽ കൊള്ളാം. ജനങ്ങൾക്കു നിയമം അനുസരിക്കുവാനുള്ള ഒരു വാസന ഉണ്ടാക്കണം. പ്രസംഗങ്ങളിലെല്ലാം ഈ വിഷയത്തെക്കുറിച്ചും ഒന്നു പറഞ്ഞാൽകൊള്ളാം. അതു വളരെ ഉപകാരമായിരിക്കും. പൊതുജനങ്ങൾക്കു നിയമം അനുസരിക്കുവാനുള്ള ഒരു ബോധമുണ്ടാകണം. ഏതെങ്കിലും ഒരു നിയമം പുതിയതായി കൊണ്ടുവരുമ്പോൾ പലരും ചോദിക്കാറുണ്ടു്, ഇത്ര അഭ്യസ്തവിദ്യരായി ആളുകളുള്ള ഈ രാജ്യത്തു് ഈ നിയമം ആവശ്യമാണോ എന്നു്. അഭ്യസ്തവിദ്യർ കൂടുതലുള്ള ഈ രാജ്യത്തു് അഭ്യസ്തവിദ്യർക്കു് കൂടുതൽ അഭ്യാസവുംകൂടി ആവശ്യമായിരിക്കുന്നു എന്നാണു് വരുന്നതു്. ഈ കാര്യത്തിൽ നാമെല്ലാവരുംകൂടി ശ്രമിച്ചാൽ നന്നായിരിക്കും. ഈ കടുംമോഷണത്തെക്കുറിച്ചു പറഞ്ഞിട്ടുള്ള കാര്യങ്ങളെപ്പറ്റി ഗവണ്മെണ്ടു് ആലോചിച്ചു് ഒരു തീരുമാനമെടുക്കുന്നതാണു്.

മിസ്റ്റർ കെ. ഐ. വേലായുധൻ: സർ, കന്നുകാലികളെ അതിന്റെ ഉടമസ്ഥന്മാർ അഴിച്ചുവിട്ട ആരുടെയെങ്കിലും വിളവു തിന്നു നശിപ്പിക്കുകയാണെങ്കിൽ, വസ്തു ഉടമസ്ഥൻ അതിനെ പിടിച്ചു 24 മണിക്കൂറിനുള്ളിൽ അടുത്തുള്ള പൌണ്ടിൽ എല്പിക്കണമെന്നുള്ളതാണു് നിലവിലുള്ള നിയമം. ആരെങ്കിലും അതിനെ പിടിച്ചുകഴിഞ്ഞാൽ ആദ്യംതന്നെ രണ്ടു കക്ഷികളും തമ്മിൽ ഒരു ദ്വന്ദയുദ്ധം നടക്കും, അല്ലെങ്കിൽ ഒരു കക്ഷി വഴക്കു നടക്കും. കോടതിയ്ക്കു പോകേണ്ടിവരും. ഇന്നു മജിസ്ട്രേട്ട കോടതിയിൽ നടത്തുന്ന കേസുകളിൽ വളരെ അധികവും പശുവിനെ, അല്ലെങ്കിൽ എരുമയെ, അതായതു കന്നുകാലികളെ പൌണ്ടിലേക്കു കൊണ്ടുപോകുന്നതിനിടക്കു ഉണ്ടാകുന്ന അടിപിടി കേസുകളാണെന്നു കാണാം. സാധാരണയായി പശുവന്നു വിളവുനശിപ്പിച്ചാൽ അതു കണ്ടുപ്പെട്ടുണ്ടാക്കുന്നകൃഷിക്കാരൻ ആപശുവിനെ വെറുതെവിട്ടുവെന്നുവരികയില്ല പശുവിന്റെഉടമസ്ഥൻ ഇതുകണ്ടു സഹിച്ചുവെന്നും വരികയില്ല. അതുകൊണ്ടു് ഇതിനു ഒരുനിയമം ഉണ്ടാക്കേണ്ടതു് അത്യാവശ്യമാണു്. ടൌണിലെ Cattle Trespass Act വില്ലേജിലേയ്ക്കും വ്യാപിപ്പിക്കുക.

മിസ്റ്റർ കെ. അയ്യപ്പൻ: അതു് നടപ്പായിട്ടുണ്ടു്.

മിസ്റ്റർ കെ. ഐ. വേലായുധൻ: ഇപ്പോഴുള്ള നിയമത്തിൽ കന്നുകാലികളെ അഴിച്ചുവിടുന്നതു് ശിക്ഷാർഹമാക്കിത്തീർത്തിട്ടില്ല. അതൊരു കുറവാക്കിത്തീർക്കണം.

മിസ്റ്റർ ഇ. ഇക്കണ്ടവാര്യർ: ഇതിനെക്കുറിച്ചു നടപടി ആരെക്കൊണ്ടു എടുപ്പിക്കണമെന്നുള്ളതാണു് ആലോചന. ഈ കാര്യത്തിൽ പോലീസുകാരെക്കൊണ്ടു നടത്തിച്ചാൽ.....

മിസ്റ്റർ കെ. ഐ. വേലായുധൻ: വില്ലേജുദ്യോഗസ്ഥന്മാർക്കു് ഈ അധികാരം കൊടുത്താൽ തരക്കേടില്ല. വില്ലേജുകളിൽ പോലീസുകാർ എല്ലായ്പോഴും വരുമെന്നു തോന്നുന്നില്ല.

മിസ്റ്റർ ഇ. ഇക്കണ്ടവാര്യർ: കേസു ചാർജ്ജു് ചെയ്യണമെങ്കിൽ പോലീസുകാർ വേണം.

മിസ്റ്റർ കെ. ഐ. വേലായുധൻ: അതിനെ പിടിക്കുവാനുള്ള അധികാരം വില്ലേജുദ്യോഗസ്ഥന്മാർക്കു കൊടുത്തിട്ടുണ്ടോ? ഇല്ലെങ്കിൽ കൊടുത്തുകൂടെ?

*മിസ്റ്റർ ഇ. ഇക്കണ്ടവാര്യർ: അതിനെ പിടിക്കുവാൻതന്നെ ചിലപ്പോൾ അഞ്ചാറാളുകൾ വേണ്ടിവരും. ചിലപ്പോൾ ആളെക്കണ്ടാൽ അതു് ഓടും, ചാടും. അപ്പോൾ ആരുടെ പശുവാണു് കയറില്ലാതെ നടക്കുന്നതു് എന്നന്വേഷിച്ചറിയണമെങ്കിൽ വില്ലേജുകാർ വേണം, ഇന്നാളുടെ പശുവാണു് ഓടിപ്പോയതു് എന്നു കണ്ടവർ ആരെങ്കിലും പറഞ്ഞാൽ ആ ആളെ വില്ലേജുകാർക്കു് അറിയാൻ സാധിക്കും.

മിസ്റ്റർ ജോസഫ് മുണ്ടശ്ശേരി: ഈ പശുക്കളെ നന്നാക്കുവാൻ സാധിക്കുമോ?

മിസ്റ്റർ ഇ. ഇക്കണ്ടവാര്യർ: പശുവിനെ നന്നാക്കാം. ഞാൻ ചിറ്റൂർ താലൂക്കിൽ പോയപ്പോൾ യഥാർത്ഥത്തിൽ കണ്ട ഒരു സംഗതി പറയാം. അവിടെ പത്തുപതിനഞ്ചു കന്നുകാലികളെ ചെറിയ ഒരു കൂട്ടിയാണു് കൊണ്ടുനടക്കുന്നതു്. അതു പോകുന്ന വഴിയുടെ രണ്ടു ഭാഗത്തും നെല്ലു വളർന്നു നില്ക്കുന്നുണ്ടു് എങ്കിലും ആ നെല്ലു കടിക്കാതെ വരമ്പത്തുള്ള

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

[Mr. E. Ikkanda Wariar]

പുല്ലുമാത്രം കടിച്ചുതിന്നു പോകുന്നതായി ഞാൻ കണ്ടു. അപ്പോൾ ശീലിപ്പിച്ചാൽ കന്നുകാലികളേയും മനുഷ്യരേക്കാൾ കൂടുതൽ എളുപ്പത്തിൽ നന്നാക്കുവാൻ സാധിക്കുകയില്ലേ എന്നു്എനിക്കു സംശയമുണ്ടു്.

മിസ്റ്റർ കെ. ഐ. വേലായുധൻ: ഏതായാലും നിലവിലുള്ള Cattle Trespass Act വില്ലേജിലും ബാധകമാക്കാമെന്നു പ്രധാന മന്ത്രി വാശ്വാനം ചെയ്യുകൊണ്ടു് ഈ ഉപക്ഷേപം ഞാൻ പിൻവലിക്കുന്നു.

Motion, by leave, withdrawn

Cut motion No. 2 (not moved)

CUT MOTION No. 3.

മിസ്റ്റർ ജോസഫ് മുണ്ടശ്ശേരി: To reduce the allotment of Rs. 5, 65, 901 for Land Revenue (Total) in Demand No. 1 by Re. 1.

(To point out the necessity of giving adequate relief to ryots)

സർ, ഈ സഭയിൽ പല ചോദ്യങ്ങൾക്കും ഉത്തരമായി പറഞ്ഞിട്ടുള്ള പ്രധാനമായ ഒരു വിഷയത്തെപ്പറ്റിത്തന്നെയാണു്, ഈ കട്ടമോഷൻ അവതരിപ്പിക്കുന്നതു്. അതായതു് ഈ രാജ്യത്തിൽ പരക്കെയുള്ള യഥാർത്ഥ കൃഷിക്കാർക്കു് രക്ഷചെയ്യുന്നതിനുള്ള പുതിയ നടപടികൾ ഉടനെ എടുക്കേണ്ടതാണെന്നു് പല പ്രാവശ്യവും ഇവിടെ പ്രസ്താവിക്കുകയുണ്ടായിട്ടുണ്ടു്. ബഹുമാനപ്പെട്ട മന്ത്രി തുടച്ചയായി അതു് ഗാഢമായി ആലോചിക്കുന്നതാണെന്നു് ഉറപ്പു തന്നിട്ടുമുണ്ടു്. ഈ വിഷയത്തെപ്പറ്റി ഒരു പൊതു ലജിസ്ലേഷൻ കൊണ്ടുവരുന്നതു് ശിവസ്വാമിക്കമ്മിറ്റി റിപ്പോർട്ടു്പോലെ ശാസ്ത്രീയമായ ഒരുരേഖയനുസരിച്ചാണു് വേണ്ടതെന്നു് ബഹുമാനപ്പെട്ട ഫൈനാൻസുമന്ത്രി പറഞ്ഞതിനോടു് ഞാനും യോജിക്കുന്നു. ശിവസ്വാമികമ്മിറ്റി റിപ്പോർട്ടു് വന്നതിനുശേഷം ഒരു പുതിയ ലജിസ്ലേഷൻ ഉണ്ടാക്കുന്നതാണെന്നാണു് പറഞ്ഞതു്. ആ റിപ്പോർട്ടിന്റെ പ്രാധാന്യത്തെപ്പറ്റി ഒന്നുകൂടി ശിവസ്വാമിക്കമ്മിറ്റിയുടെ ശ്രദ്ധയിൽ കൊണ്ടുവരുവാനാണു് ഞാൻ ഈകട്ടുമോഷൻകൊണ്ടുദ്ദേശിക്കുന്നതു്. കൃഷിക്കാർക്കു് ഏതെല്ലാംതരത്തിൽ താല്ക്കാലികമായി പാട്ടം ഇളവു്, നികുതി ഇളവു് മുതലായതു ചെയ്തുകൊടുത്താലും ഉല്ലാഭനം വർദ്ധിപ്പിക്കണമെന്നുള്ള ഈ യുക്തിയിൽ യഥാർത്ഥ കൃഷിക്കാർക്കു് ലാൻറ് റീസെറ്റിൽമെൻറ് നടത്തണമെന്നും പാട്ടംസംബന്ധിച്ചു് ഒരു പുതിയ നിയമം ലാൻറ് ന്യൂവർ വേണമെന്നുമുള്ളതു് അത്യാവശ്യമാണു്. ഭൂമിയുടെ ഉടമ ആരുടേതാണെന്ന കാര്യംതന്നെ പിടിയില്ല. ദിവാൻ എ. ആർ. ബാനർജിയുടെ കാലത്തു് പ്രസിദ്ധപ്പെടുത്തിയ ആദ്യത്തെ ആ റിപ്പോർട്ടിലാണു്, ജന്മികളുടേയും കുടിയാന്മാരുടേയും തെളിവെടുത്തു് പ്രസിദ്ധപ്പെടുത്തിട്ടുള്ള ആ റിപ്പോർട്ടിലാണു് ഭൂമി ഉടമയെ സംബന്ധിച്ചു് പ്രസ്താവിച്ചിട്ടുതു്. അതിൽ ജന്മവസ്തുക്കളുടെ ഉടമ ജന്മികൾക്കു് എങ്ങിനെ കിട്ടി എന്നു കാര്യത്തെപ്പറ്റി ശരിയായ ഒരു പ്രസ്താവനചെയ്യുകാണുന്നില്ല. ജന്മവും പണ്ടാരവും കാണവും വെറംപാട്ടവും സെഞ്ജന്യവും മറ്റുമായി പലതരം അവകാശങ്ങൾ ഭൂവുടമയെ സംബന്ധിച്ചുണ്ടായിരിക്കുന്നു. എല്ലാം സങ്കീർണമയിലായിരിക്കണം. എന്നുവെച്ചാൽ പണ്ടാരപാട്ടംപോലെയാകണം. ഒരേ അടിസ്ഥാനത്തിൽ ഒരേതരത്തിൽ പാട്ടം വരത്തക്കവിധത്തിൽ നിയമമുണ്ടാക്കണമെന്നാണു് ഞാൻ ആവശ്യപ്പെടുന്നതു്. അങ്ങിനെ ശിവസ്വാമിക്കമ്മിറ്റി റിപ്പോർട്ടിനു സരിച്ചു് ശാസ്ത്രീയമായ രീതിയിൽ ഒരു നിയമം ഉണ്ടാക്കണമെന്നു് ഞാൻ ഈ ഉപക്ഷേപം വഴി ദിവാൻജിയുടെ ദൃഷ്ടിയിൽ കൊണ്ടുവരുകൊള്ളുന്നു.

Mr. President: We are putting this demand to vote at 1-55 p.m, because we have to cover other items also.

*മിസ്റ്റർ എം. കെ. മേനോൻ: സർ, ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നു. ശിവസ്വാമിക്കമ്മിറ്റിറിപ്പോർട്ടു് പ്രസിദ്ധപ്പെടുത്തി അതുവഴിയാണു് കർഷകർക്കു് ആശ്വാസം കിട്ടുക എന്ന കാര്യം ഞാനും വിശ്വസിക്കുന്നു. പക്ഷെ അടുത്ത ഒരു കാലഘട്ടത്തിൽ താല്ക്കാലികമായി ഈ നാട്ടിലെ കർഷകൻ അനുഭവിക്കുന്ന കഷ്ടപ്പാടുകൾക്കു് രണ്ടു മൂന്നു തരത്തിൽ ഉള്ള ആശ്വാസങ്ങൾ ചെയ്തുകൊടുത്തു് അവരെ സഹായിക്കണമെന്നാണു് ഞാൻ ദിവാൻജിനോടാവശ്യപ്പെടുന്നതു്. അതായതു് വെറംപാട്ടകുടിയാന്മാർക്കു് ഭൂമിയിൽ സ്ഥിരാവകാശം കിട്ടി. എങ്കിലും പാട്ടബാക്കിക്കു് വേണ്ടി ഒരു ജന്മി അന്യായം കൊടുത്താൽ ആദ്യവിചാരണക്കു് പാട്ടബാക്കി മുഴവനും കെട്ടിവെക്കണമെന്നുണ്ടു്. അതിനു

*Speech not corrected by the Hon'ble Member

LIBRARY ARCHIVES Kerala Legislative Assembly

തൽക്കാലത്തേക്ക് എന്തെങ്കിലും ഗവമ്മെണ്ടിനു് ചെയ്യാൻ കഴിയുമൊ? പിന്നെ തന്റേതല്ലാത്ത കുറ്റങ്ങൾ—പ്രകൃതിയുടെ കുറ്റങ്ങൾ—കൊണ്ടു് ഉണ്ടാകുന്ന കാരണങ്ങളാൽ കൃഷി പിഴവു് വരുമ്പോൾ നികുതി ഇളവുചെയ്യുകൊടുക്കേണ്ടതു് ഗവമ്മെണ്ടിന്റെ ചുമതലയാണു്. പാട്ടം കൊടുത്തില്ലെങ്കിൽ ൻ൦ ദിവസം കഴിഞ്ഞാൽ ഭൂമി ഒഴിപ്പിക്കാൻ ജന്മിക്കു അവകാശമുണ്ടു്. മഴ അധികമായതുകൊണ്ടോ മറ്റെന്തെങ്കിലും പ്രകൃതിയിൽനിന്നുണ്ടാകുന്ന തരക്കേടുകൊണ്ടൊ ഭൂമിയിൽനിന്നു് വിളവു് ശരിയായി ഉണ്ടായില്ലെങ്കിലും ജന്മി അന്യായം കൊടുത്താൽ പാട്ടം കൊടുക്കാത്തതിനു് ഭൂമി ഒഴിഞ്ഞുകൊടുക്കണം. അതുകൊണ്ടു് തന്റേതല്ലാത്ത കുറ്റങ്ങൾക്കുവേണ്ടി ഭൂമി ഒഴിഞ്ഞുകൊടുക്കേണ്ടിവരുന്ന കൃഷിക്കാരെ രക്ഷിക്കാനുള്ള നിയമം വേണം. പെരുമ്പുഴപ്പാലത്തിന്റെ തെക്കുവശമുള്ള കുട്ടാടൻകൃഷി വളരെ കാലമായി നശിച്ചുപോകുന്നു. ഗവമ്മെണ്ടിന്റെ നെല്ലെടുപ്പു കണക്കിൽനിന്നുതന്നെ വളരെ ചുരുങ്ങിയ തോതിലെ അവിടെനിന്നു് നെല്ലു് കിട്ടുന്നുള്ളുവെന്നു് തെളിയുന്നുണ്ടു്. ഇതു് കൃഷിക്കാരുടെ കുറ്റംകൊണ്ടല്ല. കുരുവന്നൂർ പുഴയിൽകൂടി പോകുന്ന വെള്ളം കടലിലേക്കു് പോകാനുള്ള മാർഗ്ഗമാണു് പെരുമ്പുഴ പാലത്തിനു താഴെയുള്ള ഗാപ്പുകൾ. അവിടെയുള്ള രണ്ടു് പാലങ്ങളും ഫ ഫ ഫ ഫ-ൽ കേടുവന്നു് ഗാപ്പുകളിൽകൂടി വെള്ളം പോകാത്തതുകൊണ്ടാണു് ഇങ്ങിനെ വെള്ളം കെട്ടിനിന്നു് കൃഷിനാശം വരുന്നതിനു് ഇടയാകുന്നതു്. നല്ല മഴയുള്ള കാലത്തു് തെക്കുഭാഗത്തുള്ള വെള്ളവും വടക്കുഭാഗത്തുള്ള വെള്ളവും ഒന്നായി തള്ളി ഒന്നൊന്നരക്കോൽവീതം പൊങ്ങാറുണ്ടു്. അവിടത്തെ ആ ഗാപ്പുകൾക്കു് വിസ്താരം വരുത്തിയാൽ കൂടുതൽ വരുന്ന വെള്ളം കടലിലേക്കു് ഒഴുകിപ്പോകുന്നതാണു്. അതുകൊണ്ടു് ഒന്നുകിൽ ആ പാലം കെട്ടുക. അല്ലെങ്കിൽ വെള്ളം പോകാൻ വേറെ വല്ല മാർഗ്ഗവും ഉണ്ടാക്കുക. ഗവമ്മെണ്ടു് സാധാരണയായി പറയും പാലംകെട്ടാൻ പണമില്ലെന്നു്. എന്നാൽ തല്ക്കാലം പാലം കെട്ടാൻ നിവൃത്തിയില്ലെങ്കിൽ സ്ലൂസ്വെച്ചോ മറ്റൊ ഇതിനു് പരിഹാരമുണ്ടാക്കണം.

പിന്നെ പണയാവകാശം ഒഴിപ്പിക്കാമെന്നൊരു വ്യവസ്ഥയുണ്ടു്. നമ്മുടെ നാട്ടിൽ വെറുംപാട്ടത്തിനു് സ്ഥിരാവകാശം വരുന്നതിനു മുമ്പു് പണയാവകാശത്തിനും കാണാവകാശത്തിനും വില കൂടുതലുണ്ടായിരുന്നു. അന്നു് ആയിരക്കണക്കിനു് രൂപകൊടുത്തു് ഭൂമിമേടിച്ചു കുടിയാന്മാരുണ്ടു്. അവരെ ഒഴിപ്പിക്കാമെന്നു് നിയമം പറയുന്നതുകൊണ്ടു് കുഴപ്പമുണ്ടു്. ഒന്നുകിൽ അവർക്കു നഷ്ടപരിഹാരം കൊടുക്കണം, അല്ലെങ്കിൽ ഭൂമി ഒഴിപ്പിക്കാനുള്ള കേസു കൊടുപ്പിച്ചിവെപ്പിക്കണം. ഇതു് തല്ക്കാലത്തേക്കുള്ള ആശ്വാസങ്ങളാണു്.

മറ്റേതു് മിസ്റ്റർ മുണ്ടശ്ശേരി പറഞ്ഞ കാര്യം തന്നെയാണു്. കൃഷിക്കാരുടെ കാര്യത്തിൽ ഗവമ്മെണ്ടിന്റെ ശ്രദ്ധ കുറച്ചുകൂടി കാര്യമായി പതിയണം. അവർക്കു് ഇന്നു് സംഘടനാശക്തിയില്ലാത്തതുകൊണ്ടു് ഗവമ്മെണ്ടിന്റെ ശ്രദ്ധ പതിയുന്നില്ല. ഒരു ഫാക്ടറിയിൽ പത്തൊ ഇരുപതൊ തൊഴിലാളികൾ സത്യാഗ്രഹമൊ നിരാഹാരവ്രതമൊ മറ്റൊ തുടങ്ങിയാൽ മന്ത്രിമാരുടെ ശ്രദ്ധയെ നേരിട്ടു് അങ്ങോട്ടു് ക്ഷണിക്കുന്നു. നേരെ മറിച്ചു് കൃഷിക്കാർക്കു് എത്ര വലിയ കഷ്ടനഷ്ടം ഉണ്ടായിരിക്കുമ്പോഴും മന്ത്രിമാരുടെ ശ്രദ്ധയെ അങ്ങോട്ടു് ക്ഷണിക്കുന്നില്ല. ൨൦,൦൦൦ മൊ ൩൦,൦൦൦ മൊ തൊഴിലാളികൾ മാത്രമെ കൊച്ചിരാജ്യത്തിലുള്ളു. ഈതൊഴിലാളികളുടെ രക്ഷക്കു് നിയമപരമായ പല ബില്ലുകളും ഉള്ളതായി നമുക്കറിയാം. ഇന്നു് കൃഷിക്കാർക്കു് നിയമപരമായ അവകാശങ്ങൾ കിട്ടണമെങ്കിൽ വളരെ പണം ചിലവുചെയ്യേ കോടതിയിൽപോയിവേണം അതു് സ്ഥാപിച്ചുകിട്ടുവാൻ. അതുകൊണ്ടു് കൃഷിക്കാർക്കു് ബുദ്ധിമുട്ടു് ഇല്ലാതെ വരത്തക്ക നിയമവ്യവസ്ഥ കിട്ടുമോ എന്നുനോക്കേണ്ടതാണു്. ഇന്നു ഗവമ്മെണ്ടു തൊഴിലാളികളുടെ കാര്യത്തിൽ എത്രത്തോളം ശ്രദ്ധ ചെലുത്തുന്നുണ്ടോ അതിനേക്കാൾ കൂടുതൽ ഈ കൃഷിക്കാരുടെ കാര്യത്തിൽ ശ്രദ്ധിക്കണം. തൊഴിലാളികളുടെ കാര്യത്തിനു് ഒരു ഡിപ്പാർട്ടുമെണ്ടുണ്ടു്, ഒരു അഡ്വൂഡിക്കേറ്റുമുണ്ടു്, മറ്റവപല നിയമങ്ങളുമുണ്ടു്. കൃഷിക്കാർക്കു് ഇതൊന്നുമില്ല. പക്ഷെ കൃഷിക്കാർക്കു് അഗ്രിക്കൾച്ചർ ഡിപ്പാർട്ടുമെണ്ടുണ്ടെന്നു് പറയുമായിരിക്കും. എന്നാൽ കൃഷിക്കാർക്കു പറയത്തക്ക ഉപകാരമൊന്നും ആ ഡിപ്പാർട്ടുമെണ്ടിനെകൊണ്ടില്ല. കൃഷിയെ സംബന്ധിച്ചു ചില സാങ്കേതികമായ കാര്യങ്ങളിൽ വേണ്ട നിർദ്ദേശം കൊടുക്കുകമാത്രമാണു് അവരിന്നു് ചെയ്യുന്നതു്. അതുകൊണ്ടു് എനിക്കു പറയാനുള്ളതു് അസംഘടിതരായ കൃഷിക്കാരുടെ കാര്യത്തിൽ ഗവമ്മെണ്ടു് ശ്രദ്ധിക്കാതിരിക്കരുതു്. കൂടുതൽ ശ്രദ്ധിക്കണം അല്ലെങ്കിൽ അവരും കുഴപ്പക്കാരുടെ കയ്യിൽ പെട്ടുപോകുമെന്നുള്ളതാണു്. ഇതുയും പറഞ്ഞുകൊണ്ടു് കൃഷിക്കാർക്കു് താ

LIBRARY ARCHIVES Kerala Legislative Assembly

[Mr. M. K. Menon]

ല്ലോലികമായി ഈവക രണ്ടു മൂന്നു തരത്തിലുള്ള സഹായങ്ങളും ചെയ്തുകൊടുക്കണമെന്നു് ഗവ മെണ്ടിനോടു് അഭ്യർത്ഥിച്ചുകൊണ്ടു് ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നു.

* മിസ്റ്റർ ടി. പി. സീതാരാമൻ : സർ, നാടിന്റെ ഐശ്വര്യം കിടക്കുന്നതു് വയലുകളിലാണു്. ആ കാര്യത്തിൽ ഗവമെണ്ടു് ശ്രദ്ധിക്കണം. ഇന്നു് ഗവമെണ്ടിന്റെ ശ്രദ്ധ വില്ലേജുകളിലേക്കു് പതിയുന്നില്ല. ഇന്നിവിടെ ഭൂരിപക്ഷപ്രകാരം പാസാകുന്ന നിയമങ്ങൾ ഭൂരിപക്ഷം ജനങ്ങളുടെ ഗുണത്തിനുവേണ്ടിയാണു്. ഇന്നു് ഭൂരിപക്ഷം ജനങ്ങളും കൃഷിക്കാരാണു്. അവർ അസംഘടിതരാണെങ്കിലും ഈ തിരഞ്ഞെടുപ്പിനുശേഷം വളരെ ഉണർന്നിട്ടുണ്ടു്. അവർ അസംഘടിതരായതുകൊണ്ടാണു് ഈ അസംബ്ലി മീനമാസം മുതൽ ഉറങ്ങിക്കിടക്കേണ്ടി വന്നതു്. കൃഷിക്കാരുടെ അടുത്തുള്ള കാടുകൾ വെട്ടിത്തെളിച്ചു് പോകുന്നതുകൊണ്ടു് അവരുടെ കുന്നുകാലികൾക്കു് മേച്ചിൽ സ്ഥലങ്ങളും തീരെയില്ല. പിന്നെ ഗ്രേസിങ്ങു് ലാൻഡ്സായി കിടക്കുന്ന സ്ഥലങ്ങളും ആളുകൾ കയ്യേറി താമസിക്കുന്നതുകൊണ്ടു് ഇന്നു മേച്ചിൽ സ്ഥലങ്ങളും ഇല്ലാതായിട്ടുണ്ടു്. ഇതു കൂടാതെയും ഒരു കാര്യം ഗവർമ്മെണ്ടിന്റെ ശ്രദ്ധയിൽ കൊണ്ടുവരുവാനുണ്ടു്. അതായതു് പ്രകൃതിതന്നെ ഇന്നു് കൃഷിക്കു് വിരോധമായിട്ടാണു് കാണുന്നതു്. മാസങ്ങളുടെ പേരുകളും തന്നെ മാറേണ്ടിയിരിക്കുന്നു. മേടം, ഇടവം എന്നീമാസങ്ങളുടെ പേരുകളൊക്കെ മാറേണ്ടിയിരിക്കുന്നു. മേട മാസത്തിൽ കിട്ടേണ്ട മഴ മിഥുനമാസത്തിലാണു് കിട്ടുന്നതു്. അതിനാൽ ഗവമെണ്ടിന്റെ ഡ്രൈ ഇറിഗേഷനിൽ കായ്മയായി പതിച്ചു് പ്രകൃതിയിൽ നിന്നുണ്ടാകുന്ന ഈ കുഴപ്പത്തിനു് പരിഹാരമുണ്ടാക്കണം. ഇപ്പോൾ പീച്ചി, പിള്ളത്തോടു മുതലായ സ്കീമുകൾ ഉണ്ടാക്കിയിട്ടുണ്ടെന്നു് അറിയാം. അനവധി ഏക്കർസ്ഥലങ്ങൾ പിള്ളത്തോടു സ്കീംകൊണ്ടു് കൃഷി ചെയ്യുവാൻ സാധിക്കും. ഇതുവരെ ഗവമെണ്ടിന്റെ ശ്രദ്ധ ഈ ഇറിഗേഷൻ കായ്ത്തിൽ പതിയാതിരുന്നതു് സങ്കടമാണു്. പിന്നെയും അത്യാവശ്യമായിട്ടു് ഒരു സംഗതി കാട്ടുകൃഷിയെ സംബന്ധിച്ചു് ഗവമെണ്ടിന്റെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതുണ്ടു്. കാട്ടുകൃഷിക്കു് വന്യമൃഗങ്ങളുടെ ശല്യങ്ങളും വളരെയുണ്ടാകുന്നുണ്ടു്. കൃഷിക്കാക്കു തോക്കു കിട്ടുന്നകാര്യത്തിൽ വളരെ വൈഷമ്യം നേരിടുന്നുണ്ടു്. പോലീസു അധികൃതന്മാരുടെ സേവയും സൂപ്പർശയും ഉള്ളവക്കു് മാത്രം തോക്കുകൾ കൊടുക്കുന്നതു കൊണ്ടു് ബാക്കിയുള്ളവക്കു തോക്കുകൾ കിട്ടാതെ പല കഷ്ടനഷ്ടങ്ങളും സഹിക്കേണ്ടിവന്നിട്ടുണ്ടു്. ക്രിമിനൽ കേസുകളിലും മറ്റും പെടാത്ത കൃഷിക്കാർ തോക്കുകൾ ആവശ്യപ്പെട്ടിട്ടു് ലൈസൻസു് കൊടുക്കാതെ മൃഗങ്ങളെ വെടിവെക്കാൻ മാത്രം നടക്കുന്ന ചിലക്കു് തോക്കുകൾ പതിച്ചു കൊടുക്കുന്നുണ്ടു്. ഗവമെണ്ടിന്റെ ശ്രദ്ധ ഈ കായ്ത്തിൽ പതിഞ്ഞാൽ കൊള്ളാമെന്നുണ്ടു്. പിന്നെ Traction, ഇലവേറേഴ്സും കൊണ്ടുവരുന്നുണ്ടെന്നു് കേൾക്കുന്നുണ്ടു്. അതിനുള്ളിൽ വലിയ കുംഭകോണങ്ങളും ഉണ്ടെന്നു പറയുന്നു. അതെവിടെനിന്നു് കിട്ടും, വില്ലേജിൽ നിന്നു് കിട്ടുമോ എന്നു് ഒന്നു പറഞ്ഞുതന്നാൽ കൊള്ളാം.

ഞാൻ ഇത്രയും പറയുന്നതെന്തെന്നാൽ ബഹുമാനപ്പെട്ട മെമ്പർമാരിൽ അധികം പേരും കൃഷിയെപ്പറ്റി അറിയാത്ത ആളുകൾ ആയിരിക്കുമെന്നുള്ളതു കൊണ്ടാണു്. അറിവുണ്ടെന്നു പറഞ്ഞാൽ അതു് ആരോ പറഞ്ഞതുപോലെ "പത്തായം പെറും ചക്കി കത്തും അമ്മ വെക്കും, ഞാനണ്ണും" എന്നതു പോലെയാണു്. അല്ലാതെ പാടത്തു് നെല്ലു് എങ്ങിനെ ഉണ്ടാകുന്നുവെന്നു് അറിഞ്ഞിട്ടുണ്ടായിരിക്കയില്ല. ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നു.

* മിസ്റ്റർ കെ. അയ്യപ്പൻ : സർ, കൃഷിക്കാരുടെ വിഷമങ്ങൾ തീർത്തുകൊടുക്കേണ്ടതു് ശാസ്ത്രീയമായ അടിസ്ഥാനത്തിൽ വേണമെന്നു് വാദപ്രതിവാദത്തിൽ പറയുന്നുണ്ടു്. അതിനാണു് ഗവമെണ്ടു് ശിവസ്വാമി കമ്മിറ്റി റിപ്പോർട്ടു് അനുസരിച്ചു് ചെയ്യാമെന്നു വിചാരിക്കുന്നതു്. പിന്നെ താൽക്കാലമായി ചെയ്യേണ്ട പല കാര്യങ്ങളും പറഞ്ഞു. ലേബർസ്ട്രൈക്കു് വരുമ്പോൾ മന്ത്രിമാർ ഓടിഎത്തുന്നു, കൃഷിയ്ക്കാരുടെ കാര്യത്തിനു് ഓടിനടക്കുന്നില്ല എന്നു്. അതു ശരിയല്ല. കൃഷിക്കാരുടെ കാര്യങ്ങളിലും മന്ത്രിമാർ ശ്രദ്ധ പതിപ്പിക്കുന്നുണ്ടു്. ഉണക്കുകാലങ്ങളിലും അതിവർഷ കാലങ്ങളിലും മറ്റും കൃഷി പിഴവു് വരുമ്പോൾ ആ സ്ഥലങ്ങളിലൊക്കെ പോയി നോക്കി വേണ്ട സഹായങ്ങൾ ചെയ്തുകൊടുക്കുന്നുണ്ടു്. അതുപോലെ മേലിലും സാധിക്കുന്ന സൌകര്യങ്ങൾ ചെയ്തുകൊടുക്കുന്നതാണു്. ഇതുവരെ ഒന്നും ചെയ്തിട്ടില്ലെന്നു് പറഞ്ഞാൽ അതു് പരമാർത്ഥമായിരിക്കയില്ല.

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ എം. കെ. മേനോൻ: ഫ്ലഡ് കണക്കുകൾ അയച്ചിട്ട് ഇന്നുവരെ നഷ്ടപരിഹാരം കിട്ടാത്ത അനവധി ആളുകളില്ലെ?

മിസ്റ്റർ കെ. അയ്യപ്പൻ: ഫ്ലഡ് ഉഡ്ഡൂർ, തലപ്പിള്ളി, മുകുന്ദപുരം എന്നീ താലൂക്കുകളിലെ കൃഷിക്കാർക്ക് കൊടുത്തിട്ടുള്ളതിന്റെ ഒരു കണക്ക് ഞാനിവിടെ വായിച്ചു. ചിലർക്ക് റെമീഷൻ കിട്ടിയില്ലെന്നു വരാം. ആ ഒരു വ്യത്യാസം വെച്ചുകൊണ്ട് റെമീഷൻ കൊടുത്തില്ലെന്ന് പറയുന്നതു ശരിയല്ല. പിന്നെ മിസ്റ്റർ സീതാരാമൻ പിള്ളത്തോടു സ്റ്റീമിനെക്കുറിച്ചു പറഞ്ഞു. പിച്ചി സ്റ്റീം നടപ്പിലായാൽ രണ്ടു ചെറിയ സ്റ്റീമുകൾ വേണ്ടിവരികയില്ല. അതിലൊന്നാണ് പിള്ളത്തോടു സ്റ്റീം. കരുവന്നൂരിന്നു വടക്കുഭാഗത്തുള്ള പ്രദേശങ്ങളിലെ ആവശ്യങ്ങൾ പിച്ചി സ്റ്റീംകൊണ്ടു സാധിക്കും. പിന്നെ കൃഷിക്കാർക്ക് തോക്ക് കൊടുക്കുന്ന കാര്യം പറഞ്ഞു. തോക്ക് അവർക്കാവശ്യമായിരിക്കും. പക്ഷെ ഇപ്പോൾ തോക്ക് കൊടുക്കുമ്പോൾ വളരെ സൂക്ഷിക്കണം. അതു കൃഷിക്കാരുടെ കയ്യിൽ ഇരിക്കുമോ അതോ വേറെ ആളുകളുടെ കയ്യിൽ പോകുമോ എന്ന കാര്യം സൂക്ഷിക്കണം. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതിനോടു ഞാൻ സമ്മതിക്കുന്നു.

മിസ്റ്റർ ടി. പി. സീതാരാമൻ: അതു തടയാനുള്ള ശക്തി നമ്മൾക്കുണ്ട്.

മിസ്റ്റർ കെ. അയ്യപ്പൻ: ശക്തിയുണ്ട്. പക്ഷെ ഈ കാര്യങ്ങളൊക്കെ ആലോചിച്ചു സാദ്ധ്യമാകുന്നതു ചെയ്യാം. പിന്നെ ഈ ഉപക്ഷേപത്തിന്റെ അവതാരകൻ പറഞ്ഞ കാര്യം ആദ്യം തന്നെ സമ്മതിച്ചു. ഉപക്ഷേപം പിൻവലിക്കാൻ അപേക്ഷിക്കുന്നു.

മിസ്റ്റർ ജോസഫ് മുണ്ടശ്ശേരി: സർ, ഈ ഉപക്ഷേപംകൊണ്ടു പ്രധാനമായ ഉദ്ദേശിച്ചിട്ടുള്ളതു ഞാൻ ആദ്യം പറഞ്ഞ തരത്തിലുള്ള ഒരു ലെജിസ്ലേഷനാണ്. കൃഷി സാമഗ്രികൾ ശേഖരിക്കുക, കൃഷി പോഷണത്തിനുള്ള മറെറല്ലാ ഏർപ്പാടുകളും ചെയ്യുക എന്നുള്ളതു അത്യാവശ്യമാണെങ്കിലും അതു ഈ ലജിസ്ലേഷന്റെ പരിധിയിൽ പെടുന്നില്ല. അവയെല്ലാം കോപ്പറേറീവു് ഡിപ്പാർട്ട്മെൻറ്, അഗ്രിക്കൾച്ചറൽ ഡിപ്പാർട്ട്മെൻറ്, പബ്ലിക് വർക്സ് ഡിപ്പാർട്ട്മെൻറ് എന്നിവയുടെ പരിധിയിലുള്ളതാകയാൽ ആ ഡിപ്പാർട്ട്മെൻറുകളെ സംബന്ധിച്ചു കട്ട്മോഷൻ വരുമ്പോൾ പറയാം. ബഃ മന്ത്രി അത്തരം അടിയന്തിര ആവശ്യങ്ങൾ നടത്തിക്കൊടുക്കുമെന്നാണ് എന്റെ വിശ്വാസം. ഭൂമിയുടമ സർക്കാരിന്റെതാണെന്നും ഭൂമിയിൽ പണിയെടുക്കുന്നവർക്ക് ശരിയായ അടിസ്ഥാനത്തിൽ പാട്ടം കൊടുത്തു് ജീവിക്കാനുള്ള സ്വാതന്ത്ര്യമുണ്ടാകണമെന്നും ഉള്ള ആവശ്യം ആവശ്യമായ ലെജിസ്ലേഷൻ വരണമെന്നാണ് എന്റെ വാദം. തൽക്കാലമായി ഈ വിഷയത്തെപ്പററിയുള്ള നടപടികൾ എത്തുതന്നെയായാലും ശിവസ്വാമിക്കമ്മറി റിപ്പോർട്ടിന്റെ അടിസ്ഥാനമനുസരിച്ചു് വേണം നിയമമുണ്ടാക്കാൻ. അതനുസരിച്ചു് അദ്ദേഹം പ്രവർത്തിക്കുമെന്നുള്ള വിശ്വാസത്തോടുകൂടി ഇതു് പിൻവലിക്കാൻ സഭയുടെ അനുമതി ആവശ്യപ്പെടുന്നു.

Motion, by leave, withdrawn

CUT MOTION No. 4.

ഡാക്ടർമിസ്സിസ് ടി. ഫ്റാൻസിസ്സ്: To reduce the allotment of Rs. 5,65,901. for land Revenue in Demand No. 1. by Re. 1.

(To point out to the Government the necessity of amending the Cochin Verumpattamdars Act, VIII of 1118(to redress the grievances of certain classes of Verumpattamdars paying Cocoanut Patam.) സർ, വി. ടി. കെ. എസ്റ്റേറ്, ദേവസ്വം; പാലിയം മുതലായ ജന്മികൾക്കു കൃഷിക്കാർ കൊടുക്കേണ്ടിവരുന്ന പാട്ടത്തെപ്പററിയാണ് എനിക്കു പ്രയുവാനുള്ളതു്. തെങ്ങുകൃഷി ചെയ്യുന്നതിനുള്ള ബുദ്ധിമുട്ടുകളാണ് ഇപ്പോഴുള്ളതു്. തേങ്ങാപാട്ടം എന്ന ഒരു പാട്ടം ആകട്ടെ വ്യ പ്രകാരം ഫ്ലഡുവൽ ഉണ്ടായിട്ടുണ്ടു്. അന്നു് പാട്ടം കൊടുക്കാൻ വിഷമമാണെന്നു് മനസ്സിലാക്കിയതുകൊണ്ടാണ് ഗവണ്മെണ്ടു്, അന്നത്തെ മഹാരാജാവു് അങ്ങിനെ ഒരു നിയമം ഉണ്ടാക്കിയതു്. ഇപ്പോൾ തേങ്ങക്കു കുറച്ചുവില മുന്തിനിൽക്കുന്നുണ്ടു്. അതുകൊണ്ടു ഇപ്പോഴത്തെ വിലപ്രകാരം തന്നെ വലിയൊരു സംഖ്യ സാധുക്കളായ പാട്ടക്കാർ കൊടുക്കേണ്ടിവരുന്നുണ്ടു്. അവരുടെ പറമ്പുകളിൽ വീഴുന്ന തേങ്ങയുടെ വിലയോളം തന്നെ വരുന്ന സംഖ്യ ജന്മികൾക്കു പല തവണയുമായിട്ടു് പാട്ടം കൊടുക്കേണ്ടിവരുന്നുണ്ടു്. എന്നാലും ജന്മിയുടെ ഭോഗങ്ങൾ തീരുകയില്ല. ഒരു കൊല്ലത്തിലെങ്കിലും ഈ മാരണം ഒഴിഞ്ഞിരിക്കാമെന്നു വിചാരിച്ചാൽ അതു കൃഷിക്കാർക്കു് സാദ്ധ്യമല്ല. അത്രത്തോളം ഭോഗമാണ് തേങ്ങാപാട്ടമായി കൊടുക്കേണ്ടിയിരിക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

[Dr. Mrs. T. Francis]

Mr. President: Order, order it is time.

ഡാക്ടർ മിസ്സിസ് ടി. ഫ്റാൻസിസ്സ്: I want one minute more, Sir. പിന്നെ മറൊരു സംഗതി ഈ പറമ്പുകളൊക്കെ കൃഷിക്കാരുടെ കൈവശം കിട്ടിയപ്പോൾ ചതുപ്പുനിലങ്ങളായും വെള്ളക്കുഴികളായുമൊക്കെ കിടന്നിരുന്നതായിരുന്നു. അതൊക്കെ ഇവരുടെ പ്രയത്നംകൊണ്ട് ഉയത്തി നെല്ലുവിളയുള്ള താണ്. അതിനൊക്കെ തേങ്ങാപാട്ടം കൊടുക്കണമെന്നില്ല. പക്ഷെ ജന്മികൾ ഇപ്പോൾ ആവക സ്ഥലങ്ങളിൽനിന്നും പാട്ടം പിരിക്കുന്നുണ്ട്. മിസ്റ്റർ മുണ്ടശ്ശേരി പറഞ്ഞതിൽ തേങ്ങാകൃഷിക്കാരും ഉൾപ്പെടുമെന്ന് ഞാൻ വിശ്വസിക്കുന്നു. കൃഷിക്കാർ എന്നു പറയുമ്പോൾ നെൽകൃഷിക്കാരെ ഒഴിച്ച് മറെറല്ലാം വിട്ടുകളയുന്നു. അതു പാടില്ല. അതുകൊണ്ട് ഒരു സമത്വസുന്ദരമായ പരിതസ്ഥിതി കൃഷിക്കാരെ സംബന്ധിച്ചിടത്തോളമെങ്കിലും വേണം. ഇങ്ങനെയൊന്നും കൂടാതെ ആക്കം സ്വല്പമായ ഒരു പാട്ടം കൊടുത്തു ജീവിക്കുവാനുള്ള ഒരു സൗകര്യം കിട്ടണം. ജന്മികൾക്ക് ശരിയായ പാട്ടം കിട്ടുന്നില്ലെന്നുള്ള വാദത്തിനും കൃഷിക്കാർക്ക് രക്ഷ കിട്ടുന്നില്ലെന്നുള്ള വാദത്തിനും പരിഹാരമുണ്ടാക്കത്തക്ക ഒരു നിയമം ആവശ്യമാണ്. ഈ കാര്യം ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ കൊണ്ടുവരാനാണ് ഞാനീ ഉപക്ഷേപം അവതരിപ്പിച്ചതു്.

മിസ്റ്റർ കെ. അയ്യപ്പൻ: ഞാൻ ഈ കായ്ത്തെക്കുറിച്ച് തല്ക്കാലം കൂടുതലൊന്നും പറയുന്നില്ല. തൽക്കാലത്തേക്ക് തേങ്ങാപ്പാട്ടത്തെ സംബന്ധിച്ച് ആലോചിച്ചു വല്ല പരിഹാരവും ചെയ്യാൻ സാധിക്കുമെങ്കിൽ അതു ചെയ്യുന്നതാണ്.

ഡോക്ടർ മിസ്സിസ്സ് ടി. ഫ്രാൻസിസ്സ്: സർ, നാളികേരപാട്ടത്തെ സംബന്ധിച്ചു ഗാഢമായി ആലോചിച്ച് വേണ്ട തീരുമാനം വരുത്തുമെന്നു ബഹുമാനപ്പെട്ട മന്ത്രിതന്നെ ഉറപ്പുതരികയാൽ ഞാൻ ഈ സഭയുടെ അനുവാദത്തോടുകൂടി ഈ Cut-motion പിൻവലിച്ചുകൊള്ളുന്നു.

Motion by leave withdrawn

Mr. President: The question is that Government be granted a sum of Rs. 5,65,901 under 1—Land Revenue.

Demand put and carried

(IV) 1. Land Revenue (Cranganur)

Mr. K. Ayyappan *(Minister for Works and Revenue):* Sir, I move that Government be a granted sum of Rs. 27,770 under 1—Land Revenue (Cranganore).

Demand put and carred

(V) 15—Registration

Mr. K. Ayyappan *(Minister for Works and Revenue)*: Sir, I move for an allotment of Rs. 1,48.838 under 15. Registration,

CUT MOTION No. 1.

മിസ്റ്റർ കെ. കുഞ്ഞിരാമ മേനോൻ: To reduce the allotment of Rs. 1,48,838 for Registration (Total) in demand No. 15 by Re. 1.

(വ്യയലഘൂകരണം എന്ന സംഗതിയിൽ പൊതുജനസൌകര്യവും തഴക്കവും പഴക്കവും ഗണിക്കാതെ നൂറു കൊല്ലത്തോളം പഴക്കമുള്ള ചേലക്കര റജിസ്ട്രാപ്പീസ്സിന്റെ നിലനില്പിനെ മാറ്റുന്ന വ്യയലഘൂകരണ കമ്മിറ്റിയുടെ ശുപാർശ ശരിയല്ലെന്നു ഗവൺമെണ്ടിനെ ധരിപ്പിക്കുവാൻ) Sir, ഇതാണ് എന്റെ ഉപക്ഷേപം. ചേലക്കര റജിസ്ട്രാഫീസ്സ് സ്ഥലം മാറ്റരുതു് എന്നു പറഞ്ഞ് രണ്ടു് ഹർജികൾ പൊതുജനങ്ങളിൽനിന്നും ബഹുമാനപ്പെട്ട മന്ത്രിയുടെ അടുക്കൽ സമർപ്പിച്ചിട്ടുണ്ടെന്നാണ് എന്റെ അറിവു്. പൊതുജനസൌകര്യം നോക്കാതെ Retrenchment എന്ന ഒരു കായ്യം മാത്രം നോക്കി റജിസ്ട്രാഫീസ്സ് സ്ഥലം മാറ്റുന്നതുകൊണ്ട് പൊതുജനങ്ങൾക്കു വളരെ അസൌകര്യം നേരിടുന്നതാണ്. കൂടാതെ റജിസ്ട്രേഷൻ Superintendent ഈ ആഫീസ്സു് അവിടെ നിലനില്ക്കുന്നതുകൊണ്ട് പൊതുജനങ്ങൾക്കു് വളരെ ഉപകാരപ്രദമാണെന്നുകൂടി ഗവൺമെണ്ടിനെ ബോധിപ്പിച്ചിട്ടുണ്ടെന്നും അറിയുന്നുണ്ട്. എന്നാൽ നിയമങ്ങൾ ഒന്നും നോക്കാതേയും ജനങ്ങളുടെ സൌകര്യങ്ങൾ നോക്കാതേയുമാണ് Retrenchment കമ്മിറ്റി ഇപ്രകാരം ചെയ്തിട്ടുള്ളതു്. ഇങ്ങിനെ ചെയ്യുവാൻ തീരുമാനിച്ചിട്ടുള്ള ഉദ്യോഗസ്ഥന്മാർ Geographical Condition ഒന്നും നോക്കാതേയും സ്ഥലത്തെപ്പറ്റി യാതൊരു വിവരവും ഇല്ലാതേയുമാണ് ഇപ്രകാരം ചെയ്തിട്ടുള്ളതെന്നു ഞാൻ വിശ്വസിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രി സ്ഥലത്തുവന്നു് നോക്കുന്നതായാൽ ഇതിനെ സംബന്ധിച്ചു പൊതുജനങ്ങൾക്കുള്ള ബുദ്ധിമുട്ട് എത്രത്തോളം ഉണ്ടെന്നു വിശദമായി മനസ്സിലാക്കാവുന്നതാണ്. ഇതു് ഏതാണ്ടു് മദ്ധ്യപ്രദേശത്തായിട്ടാണ് സ്ഥാപ

LIBRARY ARCHIVES Kerala Legislative Assembly